## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** — **11-10-2024 - ൽ മറുപടിയ്ക്ക്**

## പി.എം. ഇ-ബസ് സേവാ പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</td><td colspan="2">ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേന്ദ്രസർക്കാരിന്റെ പി.എം. ഇ-ബസ് സേവാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന ഇലക്ട്രിക് ബസുകൾ കേരളത്തിന് ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(എ)</td><td>കേന്ദ്ര സർക്കാരിന്റെ പി.എം. ഇ-ബസ് സേവാ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്ന ഇലക്ട്രിക് ബസുകൾ കേരളത്തിന് ആവശ്യമില്ലായെന്ന് തീരുമാനം കൈക്കൊണ്ടിട്ടില്ല.<br><br>പി.എം. ഇ-സേവ സ്കീമിൽ ബസ്സുകൾ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള Steering Committee-യുടെ അംഗീകാരവും അതോടൊപ്പം Payment Security Mechanism-ഉം അംഗീകാരവും നൽകേണ്ടതിനാൽ കെ.എസ്.ആർ.ടി.സി. സമർപ്പിച്ച പ്രൊപ്പോസലിൽ മാറ്റം വരുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കെ.എസ്.ആർ.ടി.സി.യ്ക്ക് ഡീസൽ ബസുകൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക ധനവകുപ്പ് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;</td><td>(ബി)</td><td>കെ.എസ്.ആർ.ടി.സി.യ്ക്ക് ഡീസൽ ബസ് വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 92 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 31.08.2024ലെ സ.ഉ. (അച്ചടി) നം. 76/2024/ധന ഉത്തരവ് പ്രകാരം പ്ലാൻ ഫണ്ടിൽ 50% വെട്ടിക്കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ ബസുകൾ കാലപ്പഴക്കം ചെന്നതിനാൽ പുതിയ ബസുകൾ വാങ്ങുന്നതിന് 92 കോടി രൂപ ആവശ്യമാണെന്ന് ബഹു. ധനകാര്യ മന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ബസ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>പി.എം. ഇ-ബസ് സേവാ പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിന്റെ ഭാഗമായാണോ പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറിയതെന്നു വ്യക്തമാക്കുമോ?</td><td>(സി)</td><td>പി.എം. ഇ-ബസ് സേവാ പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. നഗര പ്രദേശങ്ങൾ കൂടുതൽ ഗതാഗത സംവിധാനം ഏർപ്പെടുത്തുന്നതിന് PPP മോഡലിൽ (Public Private Partnership model) 3 ലക്ഷം മുതൽ 40 ലക്ഷം വരെ ജനസംഖ്യയുള്ള പ്രദേശങ്ങൾക്കാണ് ബസ്സുകൾ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നത്.<br><br>2. പ്രസ്തുത പദ്ധതി പ്രകാരം ജനസംഖ്യാടിസ്ഥാനത്തിൽ അനുവദിക്കുന്ന ബസുകളുടെ എണ്ണവും, കേന്ദ്ര വിഹിതവും സംബന്ധിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th rowspan="2">Sl. No.</th><th rowspan="2">Classification of the eligible cities by population</th><th rowspan="2">Number of buses allocated per city</th><th colspan="3">Central Assistance Support in Rs. Per Km</th></tr>
<tr><th>standard</th><th>Midi</th><th>Mini</th></tr>
<tr><td>1</td><td>20-40 lakhs</td><td>150</td><td>24</td><td>22</td><td>20</td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| 2 | 10-20 lakhs | 100 |
| 3 | 05-10 lakhs | 100 |
| 4 | <5 lakhs | 50 |

3. പ്രസ്തുത PPP മാതൃകയിൽ (Public Private Partnership model) ഇ-ബസുകൾ അനുവദിക്കുന്നത് 10 വർഷ കാലയളവിലേയ്ക്ക് അല്ലെങ്കിൽ 2037 മാർച്ച് വരെ ഏതാണോ ആദ്യം വരുന്നത് എന്നത് അടിസ്ഥാനപ്പെടുത്തിയാണ് സർവ്വീസ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്.

4. കേന്ദ്ര വിഹിതത്തിൽ പ്രതിവർഷം 5% വരെ നിരക്കുകളിൽ വർദ്ധനവ് അനുവദിക്കും.

5. കേന്ദ്ര ഗവൺമെന്റിന്റെ Payment Security Mechanism (PSM) സംസ്ഥാന സർക്കാർ അംഗീകരിക്കേണ്ടതാണ്.

6. കേന്ദ്ര വിഹിതവും അതോടൊപ്പം കമ്പനികൾക്ക് നൽകുവാനുള്ള Payment-കളും സംസ്ഥാന സർക്കാരും, Convergence Energy Services Limited (CESL)-ഉം ഉൾപ്പെട്ട Escrow Account വഴി നടത്തേണ്ടതാണ്.

പി.എം. ഇ-സേവ സ്കീമിൽ ബസ്സുകൾ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള Steering Committee-യുടെ അംഗീകാരവും അതോടൊപ്പം Payment Security Mechanism-ഉം അംഗീകരിച്ച് അനുമതി ലഭ്യമാകേണ്ടതുള്ളതിനാൽ പ്രൊപ്പോസലിൽ മാറ്റം വരുത്തി നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ